LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

88 [89] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാരുൾപ്പെടുന്ന വിജിലൻസ് കേസ്സുകളിന്മേലാണ് നടപടി തുടരേണ്ടതില്ലെന്ന് തീരുമാനിച്ചത്;

(ബി) കുരിയാർകുറ്റി-കാരപ്പാറ ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി കേസ്സുകൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത കേസ്സിന്റെ നടപടികൾ തുടരേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഗതാഗത വകുപ്പുമന്ത്രി ആയിരിക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെ കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനിക്ക് വൈദ്യുതി വിറ്റതിലെ ക്രമക്കേടുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്തിരുന്ന കേസിന്റെ ഒന്നാം ഭാഗത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സുപ്രീം കോടതി കുറ്റവിമുക്തനാക്കിയിരുന്നു. ഈ വിധിയുടെ അടിസ്ഥാനത്തിൽ കേസിന്റെ രണ്ടാം ഭാഗം കോടതിയുടെ അനുമതിയോടെ പിൻവലിച്ചു. മൂന്നാം ഭാഗത്തിൽ തുടർനടപടികൾ ഉപേക്ഷിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ജലസേചന വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. റ്റി. എം. ജേക്കബിനെതിരെ കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുടെ നടത്തിപ്പിലുണ്ടായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ ഒന്നാംഭാഗം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിൽ കൂടുതൽ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് ഇപ്പോൾ സൂക്ഷ്മപരിശോധനയിലാണ്. പ്രസ്തുത കേസിന്റെ നടപടികൾ തുടരേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല.

പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള കേസുകൾ

89 [90] ശ്രീ. എം. കുമാരൻ:

,, എൻ. രാജൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള എത്ര കേസുകൾ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസുകാർ സംഘം ചേർന്ന് ജനങ്ങളെ ആക്രമിച്ച കേസുകൾ ഏതൊക്കെയാണ്; ഈ കേസുകളിൽ പ്രതികളായിട്ടുള്ള പോലീസുകാരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) കിള്ളിയിലെ പോലീസ് അതിക്രമം, മാറാട്ടെ വർഗ്ഗീയ സംഘട്ടനം എന്നിവ പോലെയുള്ള സംഭവങ്ങളിൽ വീഴ്ച വരുത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തുണ്ടായ വെടിവയ്പുകൾ, ലാത്തിച്ചാർജ്ജുകൾ, ടിയർഗ്യാസ് പൊട്ടിക്കൽ, ഗ്രനേഡ് പൊട്ടിക്കൽ, വെള്ളം ചീറ്റൽ തുടങ്ങിയവ എത്രയെണ്ണം എന്നു വ്യക്തമാക്കാമോ; വെടിവയ്പ്പിൽ മരണപ്പെട്ടവർ എത്ര;

(ഇ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാന പോലീസ് സേനയ്ക്കായി പുതിയതായി വാങ്ങിയിട്ടുള്ള ആയുധങ്ങൾ എത്ര; ഇതിനായി ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ) 418 കേസുകൾ.

(ബി) സി.ബി.സി.ഐ.ഡി. ക്രൈം 330/സി.ആർ./04 (കാട്ടാക്കട പോലീസ് സ്റ്റേഷൻ ക്രൈം 339/03) കിള്ളി സംഭവം. ഈ കേസിൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ കുറ്റക്കാർ എന്ന് കണ്ടെത്തിയിട്ടുള്ള 8 പോലീസ് ഉദ്യോഗസ്ഥരെ 11-12-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 2401/03/ആഭ്യന്തരം പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 405/04 പ്രകാരം ടിയാൻമാരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതാകുന്നു. ദീപിക പത്രത്തിന്റെ ഫോട്ടോഗ്രാഫറേയും റിപ്പോർട്ടറേയും പോലീസുകാർ ആക്രമിച്ചു എന്ന പരാതിയിൽ ചേവായൂർ പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ക്രൈം 74/03 കേസിലെ പ്രതികളായി ആരോപിക്കപ്പെട്ട എം.എസ്.പി.-യിലെ 6 പോലീസുകാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ആരോപിക്കപ്പെട്ട കുറ്റം തെളിയാത്തതിന്റെ അടിസ്ഥാനത്തിൽ കുറ്റവിമുക്തരാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കിള്ളിയിലെ അതിക്രമം സംബന്ധിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉത്തരം (ബി)-യിൽ കാണാം.

മാറാട് വർഗ്ഗീയ സംഘട്ടനത്തോടനുബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ സംഭവത്തിൽ പോലീസുകാർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് താഴെ ചേർക്കുന്നു:

വെടിവയ്പ്പ്	..	62
ലാത്തിച്ചാർജ്	..	32
ടിയർഗ്യാസ് പൊട്ടിക്കൽ	..	17
ഗ്രനേഡ് പൊട്ടിക്കൽ	..	11
വെള്ളം ചീറ്റൽ	..	ഇല്ല
വെടിവയ്പ്പിൽ മരിച്ചവർ	..	2

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പോലീസ് ലാത്തിച്ചാർജ്ജുകൾ

90 [91] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) വിദ്യാർത്ഥികളിടെ നേരെ ഇതേ കാലയളവിൽ എത്ര ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ലാത്തിച്ചാർജ്ജിനുത്തരവാദികളായ പോലീസുകാർക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് 32 പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു ലാത്തിച്ചാർജ്ജിനോടനുബന്ധിച്ച് വെടിവയ്പ്പ് നടന്നതിനാൽ വെടിവയ്പ്പിന് എടുത്ത കേസിൽ ലാത്തിച്ചാർജ്ജും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ നേരെ 6 ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly